കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എടപ്പാൾ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം28/29/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തിയ്യതി 08-02-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എടപ്പാൾ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : എടപ്പാൾ ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

******************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം28/29/2017 തിയ്യതി: 08/02/ /2017

## മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-04-2015 മുതൽ 15-11-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

--------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ

--------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 16-11-2016 മുതൽ 24-11-2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. എം.പി.അബ്ദുൽ റഷീദ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. സജീഷ്.എം.ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. അനീത് ബാബു.കെ. ടി | ഓഡിറ്റർ |
| ശ്രീ.ആലസ്സൻകുട്ടി. യു | ഓഡിറ്റർ (16-11-16 മുതൽ 19-11-16 വരെ) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ഷീജ | 01-04-15 മുതൽ 31-10-15 വരെ |
| | സെക്രട്ടറി, കൃഷി ഓഫീസർ,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ<br>എന്നിവരടങ്ങുന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 01-11-15 മുതൽ 23-11-15 വരെ |
| | ശ്രീ. പി.പി.ബിജോയ് | 24-11-15 മുതൽ 31-03-16 വരെ |

| | | | | |
|---|---|---|---|---|
| സെക്രട്ടറി | : | 1 | ശ്രീ. പി.ജി.വസന്തകമാർ | 01-04-15 മുതൽ 27-07-15 വരെ |
| | | 2 | ശ്രീ.അപ്പര കുമാർ (അസി.സെക്രട്ടറി) - ചുമതല | 28-07-15 മുതൽ 12-08-15 F.Nവരെ |
| | : | 3 | ശ്രീ.അജിതകുമാർ. സി | 12-08-15മുതൽ4-02-16 വരെ |
| | | 4. | ശ്രീ.വേലായുധൻ.എം (അസി.സെക്രട്ടറി)- ചുമതല | 4-02-16 മുതൽ 31-3-16 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | | |
| ഉദ്യോഗപ്പേര് | | | പേര് | കാലയളവ് |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | | | ശ്രീമതി.കോമളം. പി | 01-04-15 മുതൽ 31-03-16 വരെ |
| കൃഷി ഓഫീസർ | | | ശ്രീ.വിജീഷ്.പി.വി | 01-04-15 മുതൽ 31-03-16 വരെ |
| വെറ്ററിനറി സർജൻ | | 1 | ഡോ.രാജേഷ് എസ്.ജയൻ | 01-04-15 മുതൽ 30-12-15 വരെ |
| | | 2 | ഡോ.ഫ്ലമി.എ.ജേക്കബ് | 31-12-15 മുതൽ 31-03-16 വരെ |
| വി.ഇ.ഒ | | | ശ്രീ. സുബ്രമണ്യൻ.പി.സി | 01-04-15 മുതൽ 31-03-16 വരെ |

| | | | | |
|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | | 1. | ശ്രീമതി.എലിസബത്ത്.സി.എക്സ് | 01-04-15മുതൽ 06-08-15 FNവരെ |
| | | 2. | ശ്രീമതി. ധന്യ.ഇ | 06-08-15മുതൽ31-03-16 വരെ |
| മെഡിക്കൽഓഫീസർ<br>(ആയുർ വേദം) | | | ഡോ.അജിത് കുമാർ .വി | 01-04-15മുതൽ 31-03-16 വരെ |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | | | ഡോ.ഐശ്വര്യ | 01-04-15 മുതൽ 31-03-16 വരെ |
| ഹെഡ്മാസ്റ്റർ. | | | ശ്രീ. കുട്ടപ്പൻ | 01-04-15 മുതൽ 31-03-16 വരെ |
| അസി.സെക്രട്ടറി | | 1 | ശ്രീ. അപ്സര കുമാർ | 01-04-15മുതൽ 19-08-15 വരെ |
| | | 2 | ഒഴിവ് | 20-08-15 മുതൽ 31-08-15 വരെ |
| | | 3 | ശ്രീ.വേലായുധൻ.എം | 01-09-15മുതൽ 31-03-16 വരെ |

ഉള്ളടക്കം

ഭാഗം 1 പൊതു അവലോകനം


| ക്രമ നം. | | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | കാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം 2- വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 12 | രശീതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 2-1 |
| 13 | വിനോദ നികുതി പിരിവ് അപാകതകൾ | 2-2 |

| | | |
|---|---|---|
| 14 | വസ്തു നികുതി അപാകതകൾ | 2-3 |
| 15 | പെർമിറ്റ് ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കി | 2-4 |
| 16 | തൊഴിൽനികുതി അപാകതകൾ | 2-5 |
| 17 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകൾ തീർപ്പാക്കാത്തത് | 2-6 |
| 18 | ഡി&ഒ ലൈസൻസ് ഫീസ് പിരിവ് അപാകതകൾ | 2-7 |
| ഭാഗം 3ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 19 | പരിരക്ഷ – മാർഗ്ഗരേഖ പാലിക്കാതെ ചെലവ് ചെയ്യുന്നു | 3-1 |
| 20 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ–അപാകതകൾ | 3-2 |
| 21 | ഹെഡ്മാസ്റ്റർനിർവഹണം നടത്തിയ പദ്ധതികൾ - അപാകതകൾ | 3-3 |
| 22 | വീട്പുനരുദ്ധാരണം(ജനറൽ)വനിത -അപാകതകൾ | 3-4 |
| 23 | കിണർ നിർമാണം (ജനറൽ)- അപാകതകൾ | 3-5 |
| 24 | കക്കൂസ് നിർമാണം (ജനറൽ)-അപാകതകൾ | 3-6 |
| 25 | ആശ്രയ ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്ത് കയ്യൊഴിഞ്ഞു | 3-7 |
| 26 | ഐ.എ.വൈ. വിഹിതം നൽകൽ -വിനിയോഗ വിവരം ലഭ്യമല്ല | 3-8 |
| 27 | വിനിയോഗ വിവരം ലഭ്യമല്ല. | 3-9 |
| 28 | പെരുമ്പറമ്പ് -വൈദ്യുത പടി അംഗനവാടി റിപ്പയർ– നീക്കം ചെയ്ത വസ്തുക്കളുടെ ഉപയോഗ വിവരം ഇല്ല. | 3-10 |
| 29 | മരാമത്ത് പ്രവർത്തികളിൽ പിഴ ഈടാക്കാത്തത് | 3-11 |
| 30 | ഭരണസമിതി തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. | 3-12 |
| 31 | എൽ.എസ്.ജി.ഡി. അസി.എഞ്ചിനീയർ രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിലെ അപാകതകൾ | 3-13 |
| 32 | അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രൊജക്ടുകൾ– സർക്കാർ നിർദ്ദേശം പാലിക്കാതെ വ്യക്തിഗത ആനുകൂല്യം ഗുണഭോക്താക്കൾക്ക് ഡി.ഡി ആയി നൽകി. | 3-14 |
| 33 | പട്ടികജാതി വിഭാഗം - വീട് പുനരുദ്ധാരണം - നിർവ്വഹണത്തിലെ അപാകതകൾ | 3-15 |
| 34 | പട്ടികജാതിവിഭാഗത്തിൽപ്പെട്ടവർക്കു പുതിയ കിണർ– അപാകതകൾ | 3-16 |

| | | |
|---|---|---|
| 35 | വെള്ളക്കരം അടവ് - സംയുക്ത പരിശോധന നടത്തിയില്ല | 3-17 |
| | ഭാഗം 4 ഓഡിറ്റ് പ്രത്യവലോകനം | |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 37 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 39 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 40 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 45 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം |


## ഭാഗം 1
## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 25-03-2015 തിയതിയിലെ 1(1)/2015 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

2015-16 വർഷത്തെ യഥാർത്ഥ വരവും ചെലവും ബജറ്റ് പ്രകാരമുള്ളതിൽ നിന്നും ഗണ്യമായി വ്യത്യാസപ്പെട്ടിരിക്കുന്നു. എന്നാൽ വ്യത്യാസം ക്രമീകരിച്ചു കൊണ്ട് പുതുക്കിയ ബജറ്റ് അവതരിപ്പിച്ചിട്ടില്ല. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവു ചെലവുകളുടെ സംക്ഷിപ്തം ചുവടെ കൊടുക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം കൂടുതൽ | കുറവ് | ശതമാനം |
|---|---|---|---|---|---|
| മുന്നിരിപ്പ് | 2,46,37,963 | 2,46,37,963 | - | - | - |
| വരവ് | 10,44,16,705 | 2,66,96,750 | - | 7,77,19,954 | (-) 74 |
| ആകെ | 12,90,54,668 | 5,13,34,713 | - | | |
| ചെലവ് | 10,24,34,470 | 3,86,45,267 | - | 6,37,89,203 | (-) 62 |
| നീക്കിയിരിപ്പ് | 2,66,20,198 | 1,25,39,446 | | | |

വരവിനങ്ങളിലെ പ്രതീക്ഷിതവും വാർഷിക കണക്കുകൾ പ്രകാരമുള്ളതുമായ വ്യത്യാസം

| ഇനം | പ്രതീക്ഷിച്ചത് | യതാർഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| തൊഴിൽ നികുതി | 2600000 | 305298 | 2294702 |

| | | | |
|---|---|---|---|
| വസ്തു നികുതി | 6600000 | 2204475 | 4395525 |
| വിനോദ നികുതി | 170000 | 57642 | 112358 |
| പരസ്യ നികുതി | 100000 | - | 100000 |

## 1-2 വാർഷിക ധനകാര്യപത്രിക.

വാർഷിക ധനകാര്യപത്രിക 29-7-2016ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചു.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവയും അനുബന്ധമായി ചേർത്തിരിക്കുന്നു.)

വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. എ.എഫ്.എസ്. പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. വസ്തു നികുതി, പെർമിറ്റ് ഫീസ്, വിനോദ നികുതി എന്നിവയുടെ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല
3. ഇൻകം ആന്റ് എക്സ്പെന്റീച്ചർ പ്രകാരമുള്ള വർഷാവസാന മിച്ചം (1117555) ബാലൻസ് ഷീറ്റിലേക്ക് ക്യാരി ഓവർ ചെയ്തിട്ടില്ല. (4858084.02)
4. വൗച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ സൂക്ഷിച്ചിട്ടില്ല
5. ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല
6. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 60 പ്രകാരമുള്ള സമയക്രമം പാലിക്കുന്നില്ല
7. എ.എഫ്.എസ്. പ്രകാരം സ്ഥിര നിക്ഷേപം 2,44,100 രൂപയും ലഭ്യമാക്കിയ രേഖകൾ പ്രകാരം സ്ഥിര നിക്ഷേപം 255649 രൂപയുമാണ്. (176269+79380=255649)
8. ആസ്തികളുടെ മൂല്യം/തേയ്മാനം കണക്കാക്കി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ആസ്തി രജിസ്റ്ററുകൾ പൂർണ്ണമല്ല
9. എ.എഫ്.എസ്. പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ മുൻകൂറുകൾ (4200000), മറ്റു മുൻകൂറുകൾ(73000) എന്നിവ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
10. എ.എഫ്.എസ്. പ്രകാരമുള്ള ഡെപ്പോസിറ്റ് 4,84,820 രൂപ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക സംഗ്രഹം തയ്യാറാക്കിയിട്ടില്ല
11. നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുന്ന പ്രോജക്ടുകളിൽ നിന്നും ഈടാക്കുന്ന വാറ്റ്/ആദായ നികുതി/നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല
12. മുൻവർഷ അക്കൗണ്ട് സർട്ടിഫിക്കറ്റിൽ പരാമർശിച്ച അപാകതകൾ പരിഹരിച്ചിട്ടില്ല

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് – 2,46,37,963

വരവ് – 2,66,96,750

ആകെ – 5,13,34,713

ചെലവ് – 3,86,45,267

നീക്കിയിരിപ്പ്- 1,26,89,446

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | നീക്കിബാക്കി (ലാപ്സായത്) | നീക്കി ബാക്കി (RP 40 പ്രകാരം) | ചെലവ് % |
|---|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 25,70,008 | 10004213 | 6920215 | 19494436 | 9490223 | 10004213 | 0 | 48.68 |
| വികസനഫണ്ട് എസ്.സി.പി. | 21,55,245 | 7014541 | (-)1438751 | 7731035 | 34,30,000 | 4301035 | 0 | 44.37 |
| വികസനഫണ്ട് ടി.എസ്.പി. | 13000 | 7000 | (-)13000 | 7000 | -- | 7000 | 0 | |
| സംരക്ഷണഗ്രാന്റ് റോഡ് | 3,80,718 | 2873000 | | 3253718 | 2878305 | 375413 | 0 | 88.46 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 25,65,709 | 2424000 | | 4989709 | 1775832 | 3213877 | 0 | 35.58 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 24,51,475 | 9787169 | (-)3815765 | 8422879 | 4604757 | 3818122 | 0 | 54.67 |
| പെർഫോമൻസ് ഗ്രാന്റ് | 18,51,890 | 1652699 | (-)1652699 | 1851890 | 906603 | 945287 | 0 | 48.96 |
| എം.എൻ.ആർ.ഇ.ജി.എസ്. | 54151 | 6694543 | 0 | 6748694 | 6746515 | | 2179 | 99.96 |
| ബി ഫണ്ട് | 00 | 16047862 | - | 16047862 | 16047862 | | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 176 | 5,32,64,383 | 88 | 2,77,98,831 | 21 | 67 | 50 |

ഓഡിറ്റ് വർഷം 176 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചുവെങ്കിലും 88 എണ്ണമാണ് നടപ്പാക്കിയത് (50%). 21 എണ്ണം ഭാഗികമായി നടപ്പാക്കി.

വെറ്ററിനറി സർജൻ, വി.ഇ.ഒ, സെക്രട്ടറി, അസി. സെക്രട്ടറി, അസി. എഞ്ചിനീയർ, കൃഷി ഓഫീസർ എന്നിവർക്ക് അംഗീകാരം ലഭിച്ച പദ്ധതികൾ പൂർണ്ണമായും നടപ്പാക്കിയിട്ടില്ല. സമയബന്ധിതമായി പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലും പൂർത്തീകരിക്കുന്നതിലും ഊർജ്ജിത ശ്രമങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു.

പദ്ധതി നടത്തിപ്പ് സംബന്ധിച്ച സംക്ഷിപ്ത വിവരം താഴെ കൊടുക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥൻ | എണ്ണം | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തിയായതിന്റെ ശതമാനം | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|
| വെറ്ററിനറി സർജൻ | 7 | 40,80,000 | 2 | 9,95,000 | 3 | 2 | 29 | 24.38 |
| മെഡി. ഓഫീസർ, സി.എച്ച്.സി | 1 | 5,32,100 | 1 | 4,77,792 | 0 | 0 | 100 | 89.79 |
| മെഡി. ഓഫീസർ, ഹോമിയോ | 1 | 1,00,000 | 1 | 1,00,000 | 0 | 0 | 100 | 100 |
| മെഡി. ഓഫീസർ, ആയുർവേദം | 2 | 5,00,000 | 2 | 4,96,877 | 0 | 0 | 100 | 100 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| വി.ഇ,ഒ | 7 | 29,74,000 | 3 | 10,95,200 | 2 | 2 | 42 | 36.82 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3 | 24,39,100 | 3 | 24,38,965 | 0 | 0 | 100 | 100 |
| സെക്രട്ടറി | 39 | 1,41,45,540 | 10 | 65,84,244 | 9 | 20 | 25 | 46.54 |
| അസി. എഞ്ചിനീയർ | 95 | 2,03,59,525 | 53 | 1,03,58,109 | 3 | 39 | 56 | 50.87 |
| അസി. സെക്രട്ടറി | 7 | 23,50,000 | 3 | 6,46,000 | 1 | 3 | 42 | 27.49 |
| ഹെഡ്മാസ്റ്റർ | 8 | 30,66,500 | 7 | 29,04,340 | 0 | 1 | | 94.71 |
| കൃഷി ഓഫീസർ | 6 | 27,17,618 | 3 | 17,02,304 | 3 | 0 | 50 | 62.64 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 17.43 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 46,97,997 | 36,33,933 | 10,64,064 | (-)22.65 |
| നികുതിയേതര വരവുകൾ | 8,66,760 | 10,61,363 | 1,94,603 | 22.45 |
| മറ്റുവരവുകൾ | 1,39,269 | 14182 | 1,25,087 | (-)89.81 |
| ആകെ | 57,04,026 | 47,09,478 | 9,94,548 | (-)17.43 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 126240 | 100 |
| കർഷകതൊഴിലാളി പെൻഷൻ | 1980600 | 487 |
| വിധവാപെൻഷൻ | 6046400 | 1259 |
| വാർദ്ധക്യകാലപെൻഷൻ | 5473800 | 788 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 1817700 | 325 |
| വിവാഹ ധനസഹായം | 130000 | 5 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-11-2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13,300 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

രജിസ്റ്ററുകളുടെ പരിപാലനം സംബന്ധിച്ച പരാമർശം ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മിനുട്സ് പുസ്തകം സൂക്ഷിപ്പിലെ അപാകതകൾ

2015-16 വർഷത്തെ ഭരണ സമിതി മിനുട്സ് പുസ്തകത്തിൽ 25-4-15 ന ചേർന്ന യോഗത്തിൽ ഹാജർ രേഖപ്പെടുത്തിയിട്ടില്ല. മിനുട്സ് പുസ്തകത്തിലെ പല പേജുകളും ഒന്നും രേഖപ്പെടുത്താതെ ഒഴിച്ചിട്ടിരിക്കുന്നു. 22-6-15ലെ ഹാജർ രേഖപ്പെടുത്തിയിട്ടില്ല. 8-7-15 ലെ യോഗത്തിൽ (പേജ് 33) പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട് എന്നിവർ മാത്രം ഹാജർ രേഖപ്പെടുത്തിയിരിക്കുന്നു. 29-9-15 ലെ മിനുട്സിനു ശേഷം പേജ് 58 മുതൽ 300 വരെ ഒഴിച്ചിട്ടിരിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13-04-2016 | 3/2016 | 02-11-2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23-04-03 മുതൽ 09-05-2003 വരെ | 97-98 മുതൽ 2001-02 വരെ | 31-07-2003 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2015- 16 വർഷ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ രശീതി പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു .

1)ശ്രീ.കെ.പി. നാസർ എന്ന വ്യക്തിക്ക് ഇഷ്യൂ ചെയ്ത 59720/94 Rs.2000, ശ്രീ.അബ്ദുൾ ഷെറീഫ് എന്ന വ്യക്തിക്ക് ഇഷ്യൂ ചെയ്ത 59720/95 Rs.1000, ശ്രീ.അഷ്റഫ് എന്ന വ്യക്തിക്ക് ഇഷ്യൂ ചെയ്ത 59720/96 Rs.1000, ശ്രീ.അബൂബക്കർ എന്ന വ്യക്തിക്ക് ഇഷ്യൂ ചെയ്ത 59720/97 Rs.500 എന്നി രശീതികൾ തിയതി രേഖപ്പെടുത്താതെയാണ് ഇഷ്യൂ ചെയ്തിട്ടുള്ളത്. തിയതി രേഖപ്പെടുത്താതെ രസീത് ഇഷ്യൂ ചെയ്തതിന് കാരണം വിശദീകരിക്കേണ്ടതാണ്.

2) 8-8-2016 ന് കളക്ഷൻ സ്റ്റാഫിന് ഇഷ്യൂ ചെയ്ത 59722, 59723, 59725 എന്നീ രശിതി പുസ്തകങ്ങൾ നാളിതു വരെയും ഉപയോഗിച്ചിട്ടില്ല.

3)സാംഖ്യ സ്റ്റേഷനറി ഫ്രണ്ട് ഓഫീസിലേക്ക് ഉപയോഗത്തിനായി എടുക്കുമ്പോൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

4)കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾ ചട്ടം 58(1) പ്രകാരം നിർദ്ദേശിച്ച ബാങ്ക് ബുക്ക്- പാസ്സ് ബുക്ക് പൊരുത്തപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-7/19-11-16 ന് മറുപടി നൽകിയിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 വിനോദ നികുതി പിരിവ് അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തിലെ വിനോദ നികുതി പിരിവിൽ താഴെ പറയുന്ന അപാകതകൾ കാണകയുണ്ടായി.

1) 14-5-2013ലെ 9902/ആർ.ടി.3/2013 ത.സ്വ.ഭ.വ സർക്കാർ ഉത്തരവ് പ്രകാരമുള്ള 25 രൂപയിൽ കൂടുതലുള്ള സിനിമാ ടിക്കറ്റിന് ടിക്കറ്റ് ഒന്നിന് 3 രൂപ സെസ്സ് ഈടാക്കി 15/01/2013 മുതൽ കേരള കൾച്ചറൽ ആക്റ്റിവിറ്റീസ് വെൽഫെയർ ബോർഡിലേക്ക് അടക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

2) ഡിസംബർ 7 ലെ വിനോദനികുതി സായുധ സേന പതാക ഫണ്ടിൽ ഒടുക്കേണ്ടതാണെന്ന 20/09/95 ലെ 35548/ഡി3/95 ത.സ്വ.ഭ.വ ഉത്തരവ് പാലിച്ചിട്ടില്ല.

3)സിനിമാ ടിക്കറ്റിന് ടിക്കറ്റ് ഒന്നിന് 2രൂപ നിരക്കിൽ പിരിച്ചെടുക്കുന്ന സേവന നികുതി തിയറ്റർ ഉടമകൾ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ച് രശീതി ഹാജരാക്കിയെങ്കിൽ മാത്രമേ ലൈസൻസ് പുതുക്കി നൽകാവൂ എന്ന സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്)44/2000/സി.എ.ഡി/ 6-11-06 പാലിച്ചിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-5/19-11-16 ന് മറുപടി നൽകിയിട്ടില്ല. പ്രസ്തുത തുക ബന്ധപ്പെട്ട ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 വസ്തുനികുതി അപാകതകൾ

2015-16 വർഷത്തിൽ വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയതായി കാണുന്നില്ല. 2015-16 വർഷം മുതൽ നികുതി ഈടാക്കി തുടങ്ങുന്നതിനായി വസ്തുനികുതി നിർണയിച്ച പല കെട്ടിടങ്ങളെയും ഡിമാന്റിലെടുക്കുകയോ വസ്തുനികുതി ഈടാക്കി തുടങ്ങുകയോ ചെയ്തതായി കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വാർഡ്നം, കെട്ടിട നം. | വിലാസം | നിർണയിച്ച വസ്തുനികുതി | ലൈബ്രറി സെസ് |
|---|---|---|---|---|
| 1 | 11/101A | പ്രഭാകരൻ പൂക്കരത്തറ | 477 | 24 |
| 2 | 19/114B | മോഹൻദാസ് കാട്ടകത്ത് | 841 | 43 |
| 3 | 15/381A | ഷാജിമോൻ കറ്റിലവളപ്പിൽ കോലൊളമ്പ് | 505 | 26 |
| 4 | 6/525A | കൗലത്ത് കാവുംപാടത്ത് പെരുമ്പറമ്പ് | 329 | 17 |
| 5 | 4/73A | ഭാസ്കരൻ കുന്നത്തേൽ തറക്കൽ | 203 | 11 |
| 6 | 1/325A | മനോജ് & മണികണ്ഠൻ കരിപ്പാപറമ്പിൽ | 369 | 19 |
| 7 | 4/57A | ചുങ്കത്ത് മുകുന്ദൻ | 5710 | 286 |
| 8 | 15/140A | ഹംസ.കെ.വി, കടവിലാവളപ്പിൽ | 321 | 17 |
| 9 | 17/150A | എം.വി.മുസ്തഫ, അമ്പലത്ത്വീട്ടിൽ അയിലിക്കാട് | 3797 | 190 |

ഇതു മൂലം വലിയ വരുമാന നഷ്ടം ആണ് സ്ഥാപനത്തിന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

കൂടാതെ വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതി ഇനത്തിൽ 1180327(തൻവർഷം) രൂപയും മുൻവർഷത്തെ 110603 രൂപയും കുടിശ്ശികയായുണ്ട്. കുടിശ്ശിക പിരിച്ചെടുക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 പെർമിറ്റ് ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കി

2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ GO(MS)41/11/തസ്വഭവ/14.2.2011 ഷെഡ്യൂൾ 2 പ്രകാരം A2 വിഭാഗത്തിലുള്ള കെട്ടിടങ്ങൾക്ക് ച.മി.ക്ക് 5രൂപയും വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് 7 രൂപയും ആണ് പെർമിറ്റ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിലാണ് പെർമിറ്റ് ഫീസ് ഈടാക്കിയിട്ടുള്ളത്.

| പെർമിറ്റ്നം, ഉടമയുടെപേര് | കെട്ടിടത്തിന്റെ | വിസ്തീർണം | ഈടാക്കിയ | ഈടാക്കേണ്ട | ഈടാക്കിയതിൽ |
|---|---|---|---|---|---|

| | തരം | | ഫീസ് | ഫീസ് | കുറവ് വന്ന ഫീസ് |
|---|---|---|---|---|---|
| മുഹമ്മദ് മുഷീർ കരിക്കാട്ടുവളപ്പിൽ (283/15-16/20.10.15) | ക്വാർട്ടേഴ്സ് | 144.69m2 | 362 | 720 | 358 |
| കുഞ്ഞിമോൻ&ബീവാത്തു മണ്ണാറവളപ്പിൽ (418/15-16)/3-16 | വാണിജ്യാവശ്യം | 330.64m2 | 1669 | 2314 | 645 |
| അലി നറുക്കപറമ്പിൽഅംശക്കച്ചേരി(77/15-16 /25.5.15) | വാണിജ്യാവശ്യം | 550.14m2 | 3581 | 3851 | 270 |
| | | | ആകെ | | 1273 |

കുറവ് വന്ന പെർമിറ്റ് ഫീസ് ഈടാക്കേണ്ടതാണ്.

## 2-5 തൊഴിൽനികുതി അപാകതകൾ

താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽനികുതി തൻവർഷത്തിൽ പൂർണമായോ ഭാഗികമായോ അടവാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | അടവാക്കാത്ത അർദ്ധവർഷം |
|---|---|
| മാവേലിസ്റ്റോർ എടപ്പാൾ | 1,2 |
| ഐസിഐസിഐ ബാങ്ക് | 1,2 |
| എടപ്പാൾ സർവ്വീസ് കോ-ഓപറേറ്റീവ് ബാങ്ക് | 2 |
| ന്യൂ ഇൻഡ്യ ഇൻഷൂറൻസ് | 1,2 |
| ബിഎസ്എൻഎൽ | 1,2 |
| കുട്ടിഹസ്സൻകുട്ടി പെട്രോൾപമ്പ് | 1 |
| ഇൻഡ്യ ഇൻഫോലൈൻ ഫിനാൻസ് ലിമിറ്റഡ് | 1 |
| ഐശ്വര്യ ഗോൾഡ്പാലസ് | 1 |
| ഏഷ്യൻ ഹൈപ്പർ മാർക്കറ്റ് | 1 |
| ആലുക്ക ഗോൾഡ് | 1 |
| കെ.ആർ.ബേക്ക്സ് എടപ്പാൾ | 1 |
| നന്ദിലത്ത് ഇലക്ട്രോണിക്സ് | 1 |
| റിയ ടൂർസ് &ട്രാവൽസ് | 1,2 |

കുടിശ്ശികയുള്ള തൊഴിൽനികുതി പിഴസഹിതം ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകൾ തീർപ്പാക്കാത്തത്

കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിലെ അപാകതകൾ

1. കെട്ടിടത്തിന്റെ പൂർത്തീകരണ വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കുന്നില്ല.

2. നികുതി നിർണ്ണയ നമ്പർ (Assessment Number ) ചേർക്കുന്നില്ല.

3.പെർമിറ്റ് അനുവദിച്ചെന്നോ നിരസിച്ചെന്നോ ഉള്ള വിവരം രേഖപ്പെടുത്തുന്നില്ല.

4.അപേക്ഷകൾ സമയബന്ധിതമായി തീർപ്പു കൽപ്പിക്കുന്നില്ല.

രജിസ്റ്റർ പ്രകാരം തീരുമാനം എടുക്കാൻ അവശേഷിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ | രജിസ്റ്ററിലെ ക്രമ | കറന്റ് നമ്പർ | അപേക്ഷകർ | ക്രമ | രജിസ്റ്ററിലെ ക്രമ | കറന്റ് നമ്പർ | അപേക്ഷകർ |
|---|---|---|---|---|---|---|---|

| നമ്പർ | നമ്പർ | | | നമ്പർ | നമ്പർ | | |
|---|---|---|---|---|---|---|---|
| 1 | 46 | 3237/15/11-5-15 | ഗീത | 31 | 218 | 5934/5-8-15 | എം.ഒ, പി.എച്ച്.സി |
| 2 | - | 3205/15/8-5-15 | ഹംസ | 32 | 219 | 6018/10-8-15 | മോഹനൻ |
| 3 | 68 | 707/15/29-1-15 | നീലി | 33 | 223 | 6109/13-8-15 | ഹംസ |
| 4 | 75 | 3567/15 /23-5-15 | അനിൽകുമാർ | 34 | 231 | 6283/22-8-15 | ഭരതൻ, കൗസല്യ |
| 5 | 84 | 3748/15 /30-5-15 | ഇന്ദിര | 35 | 232 | 6337/25-8-15 | അനിൽ |
| 6 | 86 | 3759/15 /30-5-15 | മണികണ്ഠൻ | 36 | 241 | 6571/8-9-15 | സക്കീർഹുസൈൻ |
| 7 | 88 | 3869/15/4-6-15 | തങ്ക | 37 | 242 | 6572/8-9-15 | നഫീസ,അബൂബക്കർ |
| 8 | 89 | 3870/15/4-6-15 | സുമ | 38 | 247 | 6727/15-9-15 | ഉണ്ണികൃഷ്ണൻ |
| 9 | 90 | 3871/15/4-6-15 | ബുഷറ | 39 | 252 | 6830/19-9-15 | മോഹനൻ |
| 10 | - | 2422/15/6-4-15 | മുജീബ്,നജ്മ | 40 | 268 | 7316/7-10-15 | രജനി |
| 11 | 95 | 3943/15/8-6-15 | ഷാജി | 41 | 278 | 7600/17-10-15 | കദീജ ഉമ്മർ |
| 12 | 112 | 4122/15/12-6-15 | ഗോപി | 42 | 284 | 7648/20-10-15 | സുബ്രഹ്മണ്യൻ |
| 13 | 119 | 4160/15/15-6-15 | - | 43 | 285 | 7661/20-10-15 | അബ്ദുൽ അസീസ് |
| 14 | 123 | 4172/15/15-6-15 | കമലാക്ഷി | 44 | 311 | 8056/17-11-15 | ജയ്സൽ |
| 15 | 142 | 4393/15 /23-6-15 | മുഹമ്മദ് | 45 | 332 | 8509/5-12-15 | സുഹറ, ജുമൈല |
| 16 | 151 | 4493/15 /26-6-15 | അബൂബക്കർ | 46 | 337 | 8581/9-12-15 | ഷഫീല |
| 17 | 157 | 4608/15/1-7-15 | ഗോപി | 47 | 339 | 8596/9-12-15 | സന്ദീപ് |
| 18 | 167 | 4787/15/7-7-15 | അബ്ദുറഹിമാൻ | 48 | 340 | 8673/14-12-15 | അയ്യപ്പൻ |
| 19 | 169 | 4813/15/7-7-15 | മണി | 49 | 354 | 8891/19-12-15 | നാരായണൻ |
| 20 | 174 | 4903/15/9-7-15 | കൃഷ്ണൻ | 50 | 363 | 138/7-1-16 | ലീന |
| 21 | 183 | 5211/16-7-15 | സിദ്ധാർത്ഥൻ | 51 | 366 | 184/8-1-16 | ഇയ്യാത്തുട്ടി |
| 22 | 184 | 5216/16-7-15 | മുഹമ്മദ്കുട്ടി | 52 | 367 | 190/16/8-1-16 | കരിപ്പ |
| 23 | 185 | 5217/16-7-15 | മുഹമ്മദ്കുട്ടി | 53 | 372 | 216/11-1-16 | കുഞ്ഞിമുഹമ്മദ് |

| | | | | | | | |
|---|---|---|---|---|---|---|---|
| 24 | 187 | 5437/22-7-15 | നീലി | 54 | 389 | 713/29-1-16 | അമീർ |
| 25 | 194 | 5522/24-7-15 | കദീജ | 55 | 392 | 778/1-2-16 | നീലി |
| 26 | 201 | 5713/29-7-15 | വേണു | 56 | 398 | 867/4-2-16 | അഷറഫ് |
| 27 | 202 | 5726/29-7-15 | അഷറഫ് | 57 | 404 | 1308/22-2-16 | അലികുഞ്ഞ് |
| 28 | 215 | 5930/4-8-15 | സുനിൽബാബു | 58 | 407 | 1411/25-2-16 | അംബിക |
| 29 | 216 | 5931/4-8-15 | സുമേഷ് | 59 | 433 | 2025/14-3-16 | അബു |
| 30 | 217 | 5990/7-8-15 | ജയശീലൻ | 60 | 438 | 2176/21-3-16 | ഹനീഫ |

## 2-7 ഡി&ഒ ലൈസൻസ് ഫീസ് പിരിവ് അപാകതകൾ-

ഡി&ഒ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ലൈസൻസ് അപേക്ഷകളിൽ രേഖപ്പെടുത്തിയ പ്രതിദിന വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല.

ഡി&ഒ. ലൈസൻസിനുള്ള അപേക്ഷകളിൽ രേഖപ്പെടുത്തുന്ന പ്രതിദിന വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ വീഴ്ച വരുത്തുന്നതു മൂലം തനതു വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ.നം | സ്ഥാപനം-കെട്ടിട നം. | അപേക്ഷയിലെ വിറ്റുവരവ് (പ്രതിദിനം) | ഈടാക്കാവുന്ന ഫീസ് | ഈടാക്കിയ ഫീസ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | പ്രകാശ് സ്റ്റോഴ്സ്-XIX/2 | 25000 | 500 | 200 | 300 |
| 2 | കെ.ആർ.ബേക്കേഴ്സ്-X/1280,1281 | 6000 | 200 | 100 | 100 |
| 3 | കൃഷ്ണ മാർക്കറ്റിംഗ്-VII/492 | 10000 | 200 | 100 | 100 |
| 4 | മംഗളോദയം വൈദ്യശാലX/776 | 4000 | 100 | 50 | 50 |
| 5 | സെൻട്രൽ പ്ലാൻസെന്റർ-X/901 | 3500 | 100 | 50 | 50 |
| 6 | ഏഷ്യൻ ഹൈപ്പർമാർക്കറ്റ്-VII/427 | 75000 | 2000 | 500 | 1500 |
| 7 | യുണൈറ്റഡ് വുഡ് കോപ്ലക്സ്-VI/179 | 12000 | 300 | 100 | 200 |
| 8 | കെ.എസ്.സ്റ്റോർസ്-XIII/17 | 3500 | 100 | 50 | 50 |
| | ആകെ | | | | 2350 |

കുറവ് വന്ന തുക ഈടാക്കാനും ഭാവിയിൽ അപാകതകൾ ഇല്ലാതിരിക്കാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. താഴെ പറയുന്ന സ്ഥാപന ഉടമയിൽ നിന്നും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 233 ചട്ടം17 പട്ടിക III പ്രകാരമുള്ള വൈദ്യുതി കൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള ഫീസ് കുറവായി ഈടാക്കി.

| സ്ഥാപനം | യന്ത്രത്തിന്റെ കുതിര ശക്തി | ഈടാക്കേണ്ട ലൈസൻസ് ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| നായർ ഓയിൽ& റൈസ് മിൽ | 75 HP | 1000 | 100 | 900 |

കുറവ് വന്ന തുക ഈടാക്കാനും ഭാവിയിൽ അപാകതകൾ ഇല്ലാതിരിക്കാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചാത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല

4.പൂർണ്ണമല്ലാത്ത അപേക്ഷകളിന്മേൽ ലൈസൻസ് അനുവദിക്കുന്നു

ഡി & ഒ ട്രേഡ് ലൈസൻസ് ലഭിക്കുന്നതിന് സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൻമേൽ അന്വേഷണം, സ്ഥലപരിശോധന എന്നിവ

നടത്തേണ്ടതും സ്ഥാപനത്തിന്റെ പ്രതിദിന വിറ്റുവരവ്/യന്ത്രസാമഗ്രികളുടെ ആസ്തി മൂല്യം/യന്ത്രസാമഗ്രികളുടെ ക്ഷമത തുടങ്ങിയ ഡി & ഒ ട്രേഡ് ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയുള്ള റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം-7 പ്രകാരം ഫീസ് ചുമത്തി ലൈസൻസ് നൽകേണ്ടത്. എന്നാൽ പഞ്ചായത്ത് ഉദ്യോഗസ്ഥർ 2015-16 വർഷത്തെ എല്ലാ അപേക്ഷകളിലും പ്രതിദിന വിറ്റുവരവ്, ജീവനക്കാരുടെ എണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. അന്വേഷണം നടത്തി തയ്യാറാക്കിയ റിപ്പോർട്ടുകളിൽ മേൽപറഞ്ഞ അടിസ്ഥാന വിവരങ്ങൾ ചേർത്തിട്ടില്ല. സ്ഥാപനത്തിന്റെ വിറ്റുവരവ് രേഖപ്പെടുത്താതെ ലഭിച്ച അപേക്ഷകളിൻമേലുള്ള അന്വേഷണ റിപ്പോർട്ടുകളിലും ലൈസൻസ് ഫീസ് നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡം സൂചിപ്പിച്ചിട്ടില്ല. കൂടുതൽ അപേക്ഷകളിൻമേലും അന്വേഷണ റിപ്പോർട്ട് തയ്യാറാക്കാതെ ലൈസൻസ് നൽകിയിട്ടുണ്ട്.

ലൈസൻസ് അപേക്ഷകളിൻമേൽ പൂർണ്ണമായ വിശദാംശങ്ങൾ ഉൾപ്പെടുത്തി അന്വേഷണ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്.

5. ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

1998 ലെ കേരളാ പഞ്ചായത്ത്രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല.

ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

6. ലൈസൻസ് എടുക്കുന്നതിനുള്ള സമയക്രമം പാലിക്കുന്നില്ല.

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു (വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II,III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം10).

എന്നാൽ 2015-16 വർഷത്തിൽ 470 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ആയതിൽ 104 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുക്കുന്നതിനുള്ള സമയക്രമം പാലിച്ചിട്ടുള്ളത്.
ഡി.&ഒ. ലൈസൻസ് സമയബന്ധിതമായി എടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പരിരക്ഷ – മാർഗ്ഗരേഖ പാലിക്കാതെ ചെലവ് ചെയ്യുന്നു

പാലിയേറ്റീവ് പരിചരണത്തിനായി നിലവിലുണ്ടായിരുന്ന മാർഗ്ഗരേഖ റദ്ദാക്കിക്കൊണ്ട് 29-10-2015- ന് സ.ഉ(ആർ.ടി) 3217/15 /ത.സ്വ.ഭ.വ എന്ന നമ്പരിൽ സർക്കാർ പുതിയ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി. മേൽ ഉത്തരവിലെ പല നിർദ്ദേശങ്ങളും മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന (പ്രോജക്റ്റ് നമ്പർ 8/16) പരിരക്ഷ ഹോം കെയർ പദ്ധതിയിൽ പാലിച്ചിട്ടില്ലെന്ന് ഫയൽ പരിശോധനയിൽ കണ്ടെത്തി. പ്രോജക്റ്റുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട പ്രധാന അപാകതകൾ ചുവടെ കൊടുക്കുന്നു.

1) പാലിയേറ്റീവ് കെയർ പ്രോജക്റ്റിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനുമായി ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി ഓരോ സാമ്പത്തിക വർഷാരംഭത്തിന് മുമ്പും ഗ്രാമ പഞ്ചായത്ത് രൂപീകരിക്കേണ്ടതും ഓരോ മാസത്തെയും പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കും ഈ യോഗത്തിൽ രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. ഇപ്രകാരം ചെയ്തതായി കാണുന്നില്ല.

2) പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് പോകുന്നതിനായി ഒരു പാലിയേറ്റീവ് നിർവ്വഹണ കമ്മറ്റിയും രൂപീകരിക്കേണ്ടതുണ്ട്. ആയത് രൂപീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

3) 23-08-12 -ലെ സ.ഉ (എം.എസ്)228/2012/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ ഫോൺ ചെലവുകൾ വഹിക്കാൻ അനുമതി നൽകുന്നുണ്ടെങ്കിലും പുതുക്കിയ മാർഗ്ഗരേഖയിൽ ഫോൺ ചെലവിനെക്കുറിച്ച് പരാമർശിച്ചിട്ടില്ല. 2015 നവമ്പർ, ഡിസംമ്പർ വരെ 2 മാസത്തേക്ക് 300 രൂപ വീതം ആകെ 600- രൂപ ഈയിനത്തിൽ അധികം നൽകിയിട്ടുണ്ട്. (ബിൽ നമ്പർ 2/ 15-16/15-1-16, 3/15-16 /18-3-16 )

4)- ഹോം കെയർ ദിനങ്ങളിൽ ഗൃഹ സന്ദർശനത്തിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധ പ്രവർത്തകർക്ക് ഭക്ഷണമിനത്തിൽ പരമാവധി 180/- രൂപയേ ചെലവഴിക്കാൻ അനുമതിയുള്ളൂ. എന്നാൽ താഴെ പറയും പ്രകാരം 3802 രൂപ അധികം നൽകിയിട്ടുണ്ട്

| തീയതി | ചെലവഴിച്ച തുക | അധികമായി ചെലവഴിച്ചത് | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| 02-11-15 | 350 | 170 | 2/15-16/15-1-16 |
| 04-11-15 | 370 | 190 | -ടി- |
| 7-11-15 | 380 | 200 | -ടി- |

| | | | |
|---|---|---|---|
| 9-11-15 | 400 | 220 | -ടി- |
| 11-11-15 | 400 | 220 | -ടി- |
| 16-11-15 | 360 | 180 | -ടി- |
| 18-11-15 | 270 | 92 | -ടി- |
| 20-11-15 | 360 | 180 | -ടി- |
| 23-11-15 | 360 | 180 | -ടി |
| 24-11-15 | 350 | 170 | -ടി- |
| 27-11-15 | 400 | 220 | -ടി- |
| 30-11-15 | 340 | 160 | -ടി- |
| 2-12-15 | 360 | 180 | 3/15-16/18-3-16 |
| 5-12-15 | 370 | 190 | -ടി- |
| 7-12-15 | 370 | 190 | -ടി- |
| 9-12-15 | 360 | 180 | -ടി- |
| 14-12-15 | 370 | 190 | -ടി- |
| 16-12-15 | 260 | 80 | -ടി- |
| 18-12-15 | 370 | 190 | -ടി- |
| 21-12-15 | 230 | 50 | -ടി- |
| 28-12-15 | 380 | 200 | -ടി- |
| 30-12-15 | 350 | 170 | -ടി- |
| | ആകെ | 3802 | |

5) പാലിയേറ്റീവ് കെയർ പ്രോജക്റ്റിന് വേണ്ടിയുള്ള എല്ലാ ചെലവുകളും (ഗൃഹ സന്ദർശന ദിവസങ്ങളിൽ സന്നദ്ധ പ്രവർത്തകർക്കുള്ള ഭക്ഷണ ചെലവ് ഒഴികെ) ആർക്കാണോ തുക നൽകേണ്ടത്, ആ വ്യക്തിയുടെ/സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്യേണ്ടത്. യാതൊരു കാരണവശാലും പണമായോ, ചെക്കായോ, ഡിമാന്റ് ഡ്രാഫ്റ്റായോ തുക ചെലവഴിക്കാൻ പാടില്ല. ഈ നിബന്ധന പാലിച്ചിട്ടില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-3/19-11-16 ക്ക് മറുപടി നൽകിയിട്ടില്ല. സർക്കാർ ഉത്തരവുകൾ കർശനമായും പാലിക്കേണ്ടതാണ്.

## 3-2 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-അപാകതകൾ

പ്രോജക്റ്റിന്റെപേര്, നമ്പർ - ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ ( SOO 2/16)

ട്രഷറി ബിൽനം, തുക - 1/15-16 /11.9.15, 350000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - ആയുർവേദ മെഡിക്കൽ ഓഫീസർ

ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങലുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ഇൻഡന്റ് തയ്യാറാക്കാതെയാണ് മരുന്ന് വാങ്ങിയിട്ടുള്ളത്

2)മരുന്ന് ലഭ്യമല്ലെന്നുള്ള ജില്ലാ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ് ഔഷധിയിൽ നിന്ന് മരുന്ന് വാങ്ങിയിട്ടുള്ളത്.

3)മരുന്നുകൾ ലഭ്യമായ തിയതിയും ഇൻവോയ്സ് നമ്പരും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല

## 3-3 ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ പദ്ധതികൾ - അപാകതകൾ

പ്രോജക്ടിന്റെപേര് - വിദ്യാഭ്യാസ നിലവാരം ഉയർത്തൽ

പ്രോജക്റ്റ് നമ്പർ -S066/16

ഡി.ഡി നമ്പർ, തിയതി, തുക - 81500068/ 18.2.16, 70000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

ജി.ഒ.(എം.എസ്.) 362/2013/ത.സ്വ.ഭ.വ. തീയതി 16-11-13 പ്രകാരമുള്ള സബ്സിഡി മാർഗരേഖ ഖണ്ഡിക 7.7 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ തനത്ഫണ്ട് ഉപയോഗിച്ച് ഉൽപാദനപരമല്ലാത്ത മേളകൾ പോലുള്ള സംരംഭങ്ങൾ ഏറ്റെടുത്ത് നടത്താൻ പാടില്ലാത്തതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ തൻവർഷത്തിൽ മേൽ പ്രോജക്ടിന്റെ ഭാഗമായി 13 സ്കൂളുകൾക്കായി കലാമേളയും (ചെലവ് 40000/-) കായികമേളയും (ചെലവ്30000/-) നടത്തിയിട്ടുണ്ട്. സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ തനത്ഫണ്ട് ഉപയോഗിച്ച് മാർഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് നടത്തിയതിന് വിശദീകരണം ഹാജരാക്കേണ്ടതാണ്.

## 3-4 വീട് പുനരുദ്ധാരണം (ജനറൽ)വനിത - അപാകതകൾ

വീട് പുനരുദ്ധാരണം (ജനറൽ)വനിത

അടങ്കൽ - 1000000/-

ചെലവ് തുക – 720000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) (ബിൽ.നം.3/15-16/ 30.3.16)

മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

36 ഗുണഭോക്താക്കൾക്കായി 20000/- രൂപ വീതം ധനസഹായം നൽകിയിട്ടുള്ള മേൽ പ്രോജക്ടിൽ ധനസഹായം ലഭിച്ച താഴെപ്പറയുന്ന ഗുണഭോക്താക്കൾ എ.പി.എൽ. വിഭാഗത്തിൽ പെടുന്നവരാണ്. കൂടാതെ വാർഷിക വരുമാനം 50000/- രൂപയിൽ താഴെയാണെന്നുള്ള വരുമാന സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല.

1) ലീല ചാത്തംപുള്ളി

2)രമണി ഇളമ്പംകാവിൽ

3)ആയിശുമ്മ മാളിയേക്കൽ

4)നാരായണിപടിഞ്ഞാറേതിൽ

5)പാറു കാക്കൊള്ളി.
അപാകതകൾക്ക് വിശദീകരണം ഹാജരാക്കേണ്ടതാണ്.

## 3-5 കിണർ നിർമാണം (ജനറൽ)- അപാകതകൾ

കിണർ നിർമാണം (ജനറൽ)- S060/16

ചെലവ്തുക - 120000/-

ചെക്ക് നം, തുക - 0017379 /30.3.16, 300200/-

ഗ്രാമപഞ്ചായത്ത് ഇടനാട് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതിനാൽ കിണർ നിർമാണത്തിന് ധനസഹായമായി സബ്സിഡി മാർഗരേഖ പ്രകാരം പരമാവധി 17000/- രൂപ വരെ മാത്രമെ നൽകാനാകൂ എന്നിരിക്കെ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് 17500/- രൂപ വീതം ധനസഹായം നൽകിയതായി കാണുന്നു.

1)ശ്രീജ വിജയൻ കരിപ്പാപ്പറമ്പിൽ

2)അരവിന്ദൻ ചാമ്പയിൽ

3)ദാമോദരൻ മാരിലവളപ്പിൽ

4)ശാന്ത തലേക്കര എടപ്പാൾ

5)രാജൻ കരിപ്പാപ്പറമ്പിൽ

മാർഗരേഖയ്ക്ക് വിരുദ്ധമായി അധികമായി നൽകിയ 2500 രൂപ ധനസഹായം തിരികെ ഈടാക്കി തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-6 കക്കൂസ് നിർമാണം (ജനറൽ)-അപാകതകൾ

കക്കൂസ് നിർമാണം (ജനറൽ) S061/16

ചെലവ് തുക – 180200/-

ചെക്ക് നം, തുക – 0017379/ 30.3.16, 300200/-

52 ഗുണഭോക്താക്കൾക്ക് 3400/- രൂപ വീതം കക്കൂസ് നിർമാണത്തിനായി ധനസഹായം നൽകിയതിൽ താഴെപ്പറയുന്ന 9 പേർ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നവരാണെന്നോ വാർഷിക വരുമാനം 50000/-രൂപയിൽ താഴെയാണെന്നോ തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

രമാ കരിപ്പാപ്പറമ്പിൽ

ഫാത്തിമ അബ്ദുൾറസാക്ക്

അഹമ്മദ് വലിയപീടിയേക്കൽ

ഗിരീഷ് കുമാർ ഏരാത്ത് തടത്തിൽ

രമാദേവി പൂഴികുന്നത്ത്

നഫീസ പൊന്നാം കുളത്തിൽ

ഫാത്തിമ കാവുംപാടത്ത്

സുനിൽകുമാർ കണ്ടിരിക്കത്ത്

എട്ടുകണ്ടത്തിൽ സുധ.

വിശദീകരണം ഹാജരാക്കേണ്ടതാണ്.

## 3-7 ആശ്രയ ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്ത് കയ്യൊഴിഞ്ഞു

ഗ്രാമങ്ങളിലെ നിരാശ്രയരും, നിരാലംബരുമായ കുടുംബങ്ങളുടെ പുനരധിവാസത്തിന് പദ്ധതികൾ ഏറ്റെടുക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകിയ മാർഗരേഖയാണ് ജി ഒ (എം എസ്) 71/2003/ പ്ലാനിംഗ് 12-11-2003. ഇതനുസരിച്ച് ഗ്രാമപഞ്ചായത്ത് ആശ്രയ പ്രൊജക്ട് തയ്യാറാക്കി, 156 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു.

ഈ പ്രൊജക്ടിൽ എല്ലാ ഗുണഭോക്താക്കളുടെയും ആവശ്യകത സംബന്ധിച്ച് ബജറ്റ് തയ്യാറാക്കി. ഇതു താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | ഗുണഭോക്താക്കളുടെ എണ്ണം | യൂണിറ്റ് ചെലവ് | ആകെ |
|---|---|---|---|---|
| 1 | വീടിന് സ്ഥലം വാങ്ങൽ | 36 | 45,000 | 16,20,000 |
| 2 | വീട് നിർമ്മാണം | 30 | 50,000 | 15,00,000 |
| 3 | വീട് റിപ്പയർ | 50 | 10,000 | 5,00,000 |
| 4 | വൈദ്യുതീകരണം | 30 | 850 | 25000 |
| 5 | ഭക്ഷ്യധാന്യം | 250 | 2000 | 5,00,000 |
| 6 | ആരോഗ്യം | 86 | 5,000 | 4,30,000 |
| 7 | കിണർ | 30 | 10,000 | 3,00,000 |
| 8 | വികലാംഗ ഉപകരണം | 20 | 5000 | 1,00,000 |
| 9 | വിദ്യാഭ്യാസം | 225 | 1000 | 2,25,000 |
| 10 | വിവാഹ ധനസഹായം | 60 | 5000 | 3,00,000 |
| 11 | ദുരിതാശ്വാസം | 20 | 2000 | 40,000 |
| 12 | പദ്ധതി നിർവ്വഹണം | | 20,000 | 20,000 |

| | | | | |
|---|---|---|---|---|
| | ആകെ | | | 55,60,000 |

ധന സ്രോതസ്സുകൾ (പ്രതീക്ഷിച്ച വകയിരുത്തിയത്)

| വർഷം | തനത് ഫണ്ട് | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ഗ്രാമ പഞ്ചായത്ത് വിഹിതം | സംസ്ഥാന മിഷൻ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| 2007-08 | 50,000 | - | - | 5,00,000 | - | - | 5,50,000 |
| 2008-09 | 2,10,000 | 3,00,000 | - | 5,00,000 | 10,00,000 | 1,00,000 | 21,10,000 |
| 2009-10 | 2,00,000 | - | 3,00,000 | 5,00,000 | - | 2,00,000 | 12,00,000 |
| 2010-11 | 2,00,000 | 2,00,000 | - | 5,00,000 | - | 1,00,000 | 10,00,000 |
| 2011-12 | - | - | 1,00,000 | 5,00,000 | - | 1,00,000 | 7,00,000 |
| ആകെ | 6,60,000 | 5,00,000 | 4,00,000 | 25,00,000 | 10,00,000 | 5,00,000 | 55,60,000 |

പദ്ധതിക്കായി ലഭിച്ച ഫണ്ട് വിവരം

പഞ്ചായത്ത് വിഹിതം (19-6-2008) =5 ലക്ഷം

പഞ്ചായത്ത് വിഹിതം (10-12-2008) =15 ലക്ഷം
സംസ്ഥാന മിഷൻ

പഞ്ചായത്ത് വിഹിതം (31-3-2009) =5 ലക്ഷം

ആകെ 25 ലക്ഷം.

23-09-2009 ന് 15,21,600 രൂപ ചെലവഴിച്ച് 1 ഏക്കർ 4 സെന്റ് ഭൂമി വാങ്ങിയെങ്കിലും (രജിസ്ട്രേഷൻ ഉൾപ്പെടെ ആകെ ചെലവ് 16,80,362 രൂപ) അത് അർഹരായവർക്ക് നൽകുന്നതിന് യാതൊരു നടപടിയും ഉണ്ടായില്ല. നാളിതുവരെ, ഭക്ഷണം നൽകുന്നത് ഒഴികെ യാതൊരു പ്രവർത്തനവും നടന്നിട്ടില്ല.

അഗതി - ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ട പ്രോജക്ട് 2007-12 കാലയളവിൽ അവസാനിച്ച ശേഷം നാളിതുവരെ രണ്ടാംഘട്ട പ്രോജക്ട് ആരംഭിച്ചിട്ടില്ല. 1-8-2016 ന് സി.ഡി.എസിന്റെ ബാങ്ക് അക്കൗണ്ടിൽ 16,57,179 ബാലൻസ് ഉണ്ട്. (കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ട് 40287100104279). ഇതിൽ പഞ്ചായത്ത് പദ്ധതി വിഹിതമായി നൽകിയതിലെ 4,46,000 രൂപയും ബാങ്ക് പലിശയിനത്തിലെ 3,22,000 രൂപയും ഉൾപ്പെടുന്നു.

2015-16 ൽ ആശ്രയ പദ്ധതിയിൽ യാതൊരു പ്രവർത്തനവും നടന്നിട്ടില്ല. ഒന്നാം ഘട്ട പ്രോജക്ട് അവസാനിച്ച നാലുവർഷം പിന്നിട്ടിട്ടും രണ്ടാംഘട്ട പ്രോജക്ട് ആരംഭിച്ചിട്ടില്ല.

സമൂഹത്തിലെ നിരാശ്രയരും, നിരാലംബരും ആയ കുടുംബങ്ങൾക്കുള്ള ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തിയ കുടുംബങ്ങൾക്ക് പദ്ധതി ലക്ഷ്യം വച്ച ആനുകൂല്യങ്ങൾ നൽകാതെ കയ്യൊഴിഞ്ഞ അവസ്ഥയാണുള്ളത്.

ഇത്തരത്തിൽ സംഭവിക്കാനുണ്ടായ കാരണം ചർച്ച ചെയ്യേണ്ടതും പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. സ്വീകരിച്ച നടപടികൾ ഈ റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ വ്യക്തമാക്കേണ്ടതാണ്.

## 3-8 ഐ.എ.വൈ. വിഹിതം നൽകൽ -വിനിയോഗ വിവരം ലഭ്യമല്ല

നിർവ്വഹണം - സെക്രട്ടറി

2015-16 വർഷത്തിൽ ബ്ലോക്ക് സെക്രട്ടറിക്ക് ചുവടെ കൊടുക്കുന്ന പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി പഞ്ചായത്ത് വിഹിതമായി തുക നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗ വിവരം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ.നം. | പ്രോജക്ട് | അടങ്കൽ | ചെലവ് | ബിൽനം./തി./തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | SO09/16 ഐ.എ.വൈ. ഭവന നിർമ്മാണം (ജനറൽ) | 1300000 (വികസന ഫണ്ട്. പൊതു വിഭാഗം) | 1180000 | 3/15-16/ 17.07.2015 /900000, 56/15-16/13.02.2016 – 280000 |
| 2 | SO56/16 ഐ.എ.വൈ. കുടിശ്ശിക (ജനറൽ) | 728000 (വികസന ഫണ്ട്. പൊതു വിഭാഗം) | 728000 | 14/15-16/ 13.03.2016/ 728000 |
| 3 | SO58/16 ഐ.എ.വൈ. ഭവന നിർമ്മാണം (എസ്.സി.) | 500000 (വികസന ഫണ്ട്. എസ്.സി.പി.) | 440000 | 2/15-16/ 17.7.2015 440000 |

ആകെ 2348000

മേൽ പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 19 തി. 23.11.2016 ക്ക് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ മേൽ പ്രോജക്ടുകൾക്ക് ചെലവഴിച്ച ₹ 23,48,000 ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

## 3-9 വിനിയോഗ വിവരം ലഭ്യമല്ല.

ഗ്രാമ പഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും ചുവടെ കൊടുക്കുന്നതു പ്രകാരം വിവിധ ഏജൻസികൾക്ക് സർക്കാർ ഉത്തരവുകൾ പ്രകാരം തുക നൽകിയിട്ടുണ്ട്. ടി സർക്കാർ ഉത്തരവുകളിൽ ചെലവ് തുകയുടെ വിനിയോഗ വിവരം പഞ്ചായത്തിന് നൽകണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ചുവടെ കൊടുക്കുന്ന തുകകൾ നൽകിയതിന്റെ രേഖകൾ പരിശോധിച്ചതിൽ ആയതിന്റെ വിനിയോഗ വിവരം ലഭ്യമല്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ര.നം. | ഇനം | തുക | വൗച്ചർ നം./തി. | ചെക്ക് നം./തി. | റിമാർക്സ് |
|---|---|---|---|---|---|
| 1 | എടപ്പാൾ ഉപ ജില്ലാ കലോത്സവം 2015-16 സംഭാവന | 10000 | 21500920/31.3.2016 | 10294/31.3.2016 | സ.ഉ.(എം.എസ്.)58/16/ത.സ്വ.ഭ.വ. തി.16.02.2016 പ്രകാരം കലോത്സവ കൺവീനർ ഓഡിറ്റ് ചെയ്ത വരവ് ചെലവുകളുടെ അടിസ്ഥാനത്തിൽ ധന വിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്. |
| 2 | സംഭാവന-ഡയാലിസ് സെന്റർ മാറഞ്ചേരി | 10000 | 21500802/21.3.2016 | 10285/19.3.2016 | |
| 3 | പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർക്ക് നൽകിയത് | 10000 | 21500409/8.10.2015 | 008509/7.10.2015 | സ.ഉ.(എം.എസ്.)188/2015/ത.സ്വ.ഭ.വ. തി.8.6.2015 പ്രകാരം ധന വിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്. |

മേൽ ചെലവുകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20. തി. 23.11.2016 ന് മറുപടി നൽകുകയോ രേഖകൾ പരിശോധനക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ ₹ 30000 ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

## 3-10 പെരുമ്പറമ്പ് -വൈദ്യരു പടി അങ്കണവാടി റിപ്പയർ– നീക്കം ചെയ്ത വസ്തുക്കളുടെ ഉപയോഗ വിവരം ഇല്ല.

പ്രൊജക്ട് നമ്പർ 113/16 ( 158/15) പെരുമ്പറമ്പ് -വൈദ്യരു പടി അങ്കണവാടി റിപ്പയർ എന്ന പ്രവർത്തിയുടെ ഒന്നും രണ്ടും ഇനങ്ങൾ യഥാക്രമം 55.34 M2 ഓട് നീക്കം ചെയ്യലും 0.20 M3 മേൽക്കൂരയിലെ പഴയ മരം നീക്കം ചെയ്യലുമാണ്. (എം ബുക്ക് 45/14-15, 30/14-15)

മേൽ ഇനങ്ങൾക്കായി താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുമുണ്ട്.

1.മേൽക്കൂരയിലെ ഓട് നീക്കം ചെയ്യൽ 55.34 M2 @ 217/10M2 =1200

2. മേൽക്കൂരയിലെ തടി നീക്കം ചെയ്യൽ 0.20M3 @ 14.10/10dm3= 282

നീക്കം ചെയ്ത ഓടും മരങ്ങളും എന്തു ചെയ്തുവെന്ന യാതൊരു വിവരവും എം ബുക്കിലോ ഫയലിലോ രേഖപ്പെടുത്തിയതായി കാണുന്നില്ല.

ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിലെ ചെലവു തുക 1482 രൂപ തടസ്സം ചെയ്യുന്നു.

## 3-11 മരാമത്ത് പ്രവൃത്തികളിൽ പിഴ ഈടാക്കാത്തത്

കരാർ പ്രകാരമുള്ള സമയ പരിധിക്കകം പൂർത്തീകരിക്കാത്ത മരാമത്ത് പ്രവൃത്തികളുടെ കാര്യത്തിൽ കരാറുകാരിൽ നിന്നും ഈടാക്കേണ്ട പിഴ തുക ഈടാക്കിയതായി കാണുന്നില്ല.

1. 58/2015 (109/2016) തൃശ്ശൂർ റോഡ് പട്ടാമ്പി റോഡ്

പി.എ.സി. 3 ലക്ഷം

കരാർ. 31/14-15 dt 7-11-14

പൂർത്തീകരിക്കേണ്ട തിയ്യതി 31-3-15

പൂർത്തീകരിച്ചത് 30-12-15 (എം ബുക്ക് പ്രകാരം)
ഈടാക്കേണ്ട പിഴ 1-4-15 മുതൽ 30-6-15 വരെ 1% =3,00,000 *1/100 = 3,000
1-7-15 മുതൽ 30-09-15 വരെ 2%= 3,00,000*2/100 =6,000
1-10-15 മുതൽ 29-12-15 വരെ 2%= 3,00,000*2/100* =6,000
ആകെ 15,000 രൂപ.

പിഴ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-12 ഭരണസമിതി തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

പഞ്ചായത്ത് ഭരണ സമിതിയുടെ താഴെ പറയുന്ന തീരുമാന പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

1. 22-6-2015 ലെ 4(5)/15 നമ്പർ തീരുമാനം

പെരുമ്പറമ്പ് അംഗൻവാടി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പെരുമ്പറമ്പ് ജി.എൽ.പി എസ് കോംപൗണ്ടിലെ പ്ലാവ്, പാല, പൊടി അയിനി എന്നിവ എൽ.എസ്.ജി.ഡി എ.ഇ യുടെ കത്ത് പ്രകാരം മുറിച്ച് മാറ്റുന്നതിന് അനുമതി നൽകുന്നതിനും തുടർ നടപടിക്ക് ജി.എൽ.പി.എസ് ഹെഡ്മാസ്റ്ററെ ചുമതലപ്പെടുത്തുകയും ചെയ്തു.

2. 8-7-15 ലെ 1(15)/15 നമ്പർ തീരുമാനം

കുഴൽകിണറും മോട്ടോർ ഷെഡ്ഡും സ്ഥാപിക്കുന്നതിന് എടപ്പാൾ വില്ലേജ് 171/7,10 സ.നമ്പറിൽ 1 ച.മീ സ്ഥലം പഞ്ചായത്തിന് സ്വമേധയാ വിട്ടു നൽകുന്നതിന് ഉടമസ്ഥൻ എലിയത്ത് തറയിൽ താച്ചി മകൻ ഇ.ടി. വാസു, കോലളമ്പ്, എടപ്പാൾ എന്നവർ ഒപ്പിട്ടു നൽകിയ ലാന്റ് റിലിൻക്വിഷ്മെന്റ് ഫോറം എ റൂൾ 3 യോഗം അംഗീകരിക്കുകയും തുടർനടപടികൾ കൈക്കൊള്ളുന്നതിനും തീരുമാനിച്ചു.

3. 10-8-2015 ലെ V(2) നമ്പർ തീരുമാനം

ആറാം വാർഡ് മെമ്പർ സമർപ്പിച്ച അപേക്ഷ പ്രകാരം പെരുമ്പറമ്പ് ജി.എൽ.പി. എസ് മുറ്റത്ത് കടപുഴകി വീണ പ്ലാവ് ലേലം ചെയ്തു മുറിച്ചു മാറ്റുന്നതിന് ഹെഡ്മാസ്റ്ററെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

4. 29-9-15 ലെ X(4) നമ്പർ തീരുമാനം

പെരുമ്പറമ്പ് അംഗൻവാടിക്ക് ശ്രീ.കോഴിപ്പറ്റ ഗോപിനാഥൻ, എന്നവർ സൗജന്യമായി ഭൂമി വിട്ടു നൽകിയ ലാന്റ് റിലിൻക്വിഷ്മെന്റ് ഫോറം ഒപ്പിട്ട് ലഭ്യമാക്കിയത് പ്രമാണം, നികുതി രശീതി എന്നിവ ഹാജരാക്കിയത് കണക്കിലെടുത്ത് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.

5. 25-4-15 ലെ 7/15 നമ്പർ തീരുമാനം

പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന കുടിവെള്ള പദ്ധതിക്കായി ശ്രീ. ബാലകൃഷ്ണൻ.കെ. s/oനാരായണൻ കടമ്പാട്ടയിൽ, പെരുമ്പറമ്പ് എന്നയാൾ തന്റെ ഉടമസ്ഥതയിലുള്ള 0.69 സെന്റ് സ്ഥലം ലാന്റ് റിലിൻക്വിഷ്മെന്റ് ഫോറം എ റൂൾ 3, എടപ്പാൾ വില്ലേജ് സ.ന 72/1 പൊന്നാനി താലൂക്ക് ആധാരം 3054/2000 എന്നിവ ഒപ്പിട്ട് നൽകിയിട്ടുള്ളതായും ആയത് പൊന്നാനി ബ്ലോക്ക് പഞ്ചായത്തിന് പദ്ധതി നടപ്പിലാക്കുന്നതിന് നിയമാനുസൃതം കൈമാറുന്നതിനും തീരുമാനിച്ചു.

മേൽ തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ ഫയൽ ലഭ്യമാക്കുന്നതിനും രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതിനും നൽകിയ അന്വേഷണക്കുറിപ്പിന് മറുപടിയൊന്നും ലഭ്യമാക്കിയില്ല.

## 3-13 എൽ.എസ്.ജി.ഡി. അസി.എഞ്ചിനീയർ രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിലെ അപാകതകൾ

ഓഡിറ്റ് കാലയളവിൽ (2015-16) ഗ്രാമപഞ്ചായത്തിലെ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ രേഖകളും, രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതായി പരിശോധയിൽ വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ റോഡുകൾ സംബന്ധിച്ച റോഡ് മാപ്പ്, കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടില്ല.

2. പ്രൊജക്ട് രജിസ്റ്ററിൽ ചെലവു വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. പ്രൊജക്ട് രജിസ്റ്റർ കുറ്റമറ്റ രീതിയിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഓരോ വർഷവും എഗ്രിമെന്റ് വച്ച പ്രവൃത്തികളിൽ എത്രയെണ്ണം പൂർത്തിയാക്കി ഫൈനൽ ബിൽ തുക നൽകിയിട്ടുണ്ടെന്നും, എത്ര പ്രവൃത്തികൾ ഭാഗികമായി നടപ്പിലാക്കിയെന്നും, എത്രയെണ്ണം പൂർത്തിയാക്കാൻ അവശേഷിക്കുന്നുവെന്നും പരിശോധിച്ച് ബോദ്ധ്യപ്പെടാൻ കഴിയില്ല.

3. ടെണ്ടർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആവശ്യമായ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. നിരത ദ്രവ്യം ഈടാക്കിയതിന്റെ രസീതി നം., തീയതി, ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാനം എന്നിവയും രേഖപ്പെടുത്തിയിട്ടില്ല. സ്വീകരിച്ച

ടെണ്ടർ ഏതെന്ന് രേഖപ്പെടുത്തിയിട്ടില്ല.
4. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയ്യതിയോ പി.എ.സി തുകയോ രേഖപ്പെടുത്തുന്നില്ല.

5. ഓഡിറ്റ് കാലയളവിൽ മരാമത്ത് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ജാമ്യനിക്ഷേപമായി ലഭിച്ച സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ ചിലത് പ്രവൃത്തിയുടെ ഫയലുകളിൽ സൂക്ഷിച്ചിരുന്നതായി പരിശോധനയിൽ കാണാൻ കഴിഞ്ഞു. കരാറുകാരിൽ നിന്നും ജാമ്യനിക്ഷേപമായി ലഭിക്കുന്ന പലിശ കിട്ടുന്ന സെക്യൂരിറ്റികളുടെ കൈപ്പറ്റലും, തിരിച്ച നൽകലും നിരീക്ഷിക്കുവാനായി KPWD ഫാറം 81-ൽ പലിശ കിട്ടുന്ന സെക്യൂരിറ്റികളുടെ രജിസ്റ്റർ സൂക്ഷിക്കുവാൻ കേരള പൊതുമരാമത്ത് അക്കൗണ്ട് കോഡിൽ നിഷ്കർഷിച്ചിട്ടുണ്ട് (ഖ-15.6.1). എന്നാൽ ഗ്രാമപഞ്ചായത്തിൽ ഈ വിധമുള്ള ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലായിരുന്നു. സെക്യൂരിറ്റികൾ യഥാവിധി സൂക്ഷിച്ചിട്ടില്ലാത്തതിനാലും, ക്രമപ്രകാരം രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാലും സ്ഥാപനം കൈപ്പറ്റിയതും, തിരിച്ച നൽകിയതുമായ സെക്യൂരിറ്റികളുടെ എണ്ണം നിശ്ചയിക്കുവാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. കൂടാതെ സെക്യൂരിറ്റികൾ അനധികൃതമായി റിലീസ് ചെയ്തു നൽകുന്നുണ്ടോയെന്ന് (പ്രവൃത്തികളുടെ സംരക്ഷണ കാലയളവ് കഴിയുന്നതിന് മുമ്പ്) പരിശോധിക്കുന്നതിനും കഴിഞ്ഞിട്ടില്ല.

6. ടെണ്ടർ ഫാറങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററും, ഒരു ടെണ്ടർ ഫാറത്തിന് പ്രവൃത്തിയുടെ അടങ്കലിന് അനുസൃതമായി വില വരുമെന്നതിനാൽ അടങ്കൽ തുകയും ആയതിന്റെ സ്റ്റോക്കും, രേഖപ്പെടുത്തി സൂക്ഷിക്കാതിരിക്കുന്നത് ശരിയായ നടപടിയല്ല. വരവ് വിവരം രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തുന്നില്ല.

7. എം.ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. അതുപോലെതന്നെ പി.ഡബ്ല്യൂ.ഡി. മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം എം.ബുക്കുകളുടെ മൂവ്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

8. എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ അപൂർണ്ണവും അവ്യക്തവുമായി തയ്യാറാക്കുന്നു. മെയിന്റനൻസ് പ്രവൃത്തികളുടെ കാര്യത്തിൽ നിലവിലുള്ള നിർമ്മിതിയുടെ വ്യക്തമായ വിവരണം ഇല്ല.
9..റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പ്രവൃത്തി നടത്തുന്ന ചെയ്നേജ് രേഖപ്പെടുത്തുന്നില്ല.

10.എസ്റ്റിമേറ്റുകൾ പ്രാദേശിക ഭാഷയിൽ തയ്യാറാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതിനും ആവർത്തിക്കാതിരിക്കാനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രൊജക്ടുകൾ- സർക്കാർ നിർദ്ദേശം പാലിക്കാതെ വ്യക്തിഗത ആനുകൂല്യം ഗുണഭോക്താക്കൾക്ക് ഡി.ഡി ആയി നൽകി.

അസിസ്റ്റന്റ് സെക്രട്ടറി 2015-16 സാമ്പത്തിക വർഷം 4 പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. നടപ്പാക്കിയ പ്രൊജക്ടുകളെല്ലാം വ്യക്തിഗത ആനുകൂല്യം നൽകുന്നതിനായി തയ്യാറാക്കിയതാണ്. ഈ പ്രൊജക്ടുകളുടെ ഗുണഭോക്താക്കളായ 34 പേർക്ക് സബ്സിഡി തുക നൽകിയത് ഡിമാന്റ് ഡ്രാഫ്റ്റ് ആയിട്ടാണ്. 16.11.2013 –ലെ സ.ഉ.(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ. - നമ്പർ സബ്സിഡി മാർഗ്ഗരേഖയിൽ, അനുബന്ധം 16 -ൽ, ഖണ്ഡിക നം. 2.8 –ൽ "ഗുണഭോക്താവ് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ അവയുടെ മാനദണ്ഡങ്ങളും നിബന്ധനകളും പൂർത്തിയാക്കിയാൽ നിർവ്വഹണോദ്യോഗസ്ഥൻ സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടിൽത്തന്നെയാണ് അടയ്ക്കേണ്ടത്" എന്നു വ്യക്തമാക്കിയിട്ടുണ്ട്. സബ്സിഡിത്തുക പണം/ചെക്ക്/ഡി.ഡി. എന്നിവയിലേതെങ്കിലും പ്രകാരം ഗുണഭോക്താക്കൾക്കു നേരിട്ട് നൽകിയത് മാർഗ്ഗരേഖയിലെ ടി വ്യവസ്ഥകൾക്കു വിരുദ്ധമായിട്ടാണ്. ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ അന്വേഷണക്കുറിപ്പിന് മുഴുവൻ അക്കൗണ്ട് വിവരങ്ങൾ കൈമാറിയിട്ടും സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് മാറ്റുന്നതിന് ബാങ്കിന് സാധ്യമായില്ല എന്നും അതിനാൽ ഡി.ഡി. ആയി ആനുകൂല്യം നൽകി എന്നുമുള്ള മറുപടിയാണ് നൽകിയത്. ബാങ്കിന് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക നൽകാൻ സാധിച്ചില്ല എന്ന വാദം സാധൂകരിക്കത്തക്ക വസ്തുതകളൊന്നും അസി. സെക്രട്ടറി നൽകിയില്ല. സർക്കാർ മാർഗ്ഗ നിർദ്ദേശം കർശനമായി പാലിക്കുവാനും പദ്ധതി നിർവ്വഹണത്തിൽ സുതാര്യത കൈവരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-15 പട്ടികജാതി വിഭാഗം - വീട് പുനരുദ്ധാരണം - നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട് നം.6/16 - ആകെ അടങ്കൽ -₹ 8,00,000/- (വികസന ഫണ്ട് - എസ്.സി.പി.)
ചെലവഴിച്ച തുക – ₹ 3,60,000/-
ബിൽ നം.5/15-16- തീയതി 24.02.2016, തുക - ₹ 40,000/-
ബിൽ നം.6/15-16- തീയതി 21.03.2016, തുക - ₹ 1,80,000/--
ബിൽ നം.7/15-16- തീയതി 21.03.2016, തുക - ₹ 40,000/-
ബിൽ നം.10/15-16- തീയതി 28.03.2016, തുക - ₹ 1,00,000/-

16.11.2013 – ലെ സ.ഉ.(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ. - പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖയിൽ, ഖണ്ഡിക നം.3.6 – ൽ "വീട്" എന്ന തലക്കെട്ടിൽ ക്രമ നം.5 – ൽ "പട്ടികജാതിവിഭാഗത്തിൽപ്പെട്ടവർക്കു വീട് പുനരുദ്ധാരണം" എന്ന ഇനത്തിന് അനുവദിക്കാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി ₹ 25,000/-യായി നിശ്ചയിച്ചിട്ടുണ്ട്. മാത്രമല്ല, ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു കഴിഞ്ഞാൽ വീടിന്റെ അറ്റകുറ്റപ്പണിക്ക് വീട്ടുടമസ്ഥൻ എസ്റ്റിമേറ്റ് തയ്യാറാക്കണമെന്നും എൽ.എസ്.ജി.ഡി. എഞ്ചിനീയർ അളവെടുത്തതിനുശേഷം ഭാര്യയുടേയും ഭർത്താവിന്റേയും പേരിൽ തുക ബാങ്ക് അക്കൗണ്ടിലേക്ക് നൽകണമെന്നും പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്കു മാത്രമേ ഈ ധനസഹായത്തിന് അർഹതയുള്ളുവെന്നും ടി ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

2015-2016 സാമ്പത്തികവർഷം 6/2016 – നം.പ്രൊജക്റ്റ് പ്രകാരം, "പട്ടികജാതിവിഭാഗത്തിൽപ്പെട്ടവർക്ക വീട് പുനരുദ്ധാരണം" എന്ന പദ്ധതിക്കുവേണ്ടി വികസന ഫണ്ടിൽ നിന്നും ₹ 8,00,000/- വകയിരുത്തുകയും ആകെ ₹ 3,60,000/- ചെലവഴിച്ച് ടി പദ്ധതി നടപ്പിലാക്കുകയും ചെയ്തു. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1.ധനസഹായത്തിന് അർഹതയുള്ള ഓരോ ഗുണഭോക്താവും പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞതാണെന്ന് തെളിയിക്കുന്ന, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. അപേക്ഷകൾ പരിശോധിച്ച് പഴക്കം ബോധ്യപ്പെട്ടിട്ടുണ്ട് എന്ന് ഇതു സംബന്ധമായി നൽകിയ അന്വേഷണക്കുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയെങ്കിലും രേഖകളൊന്നും ലഭ്യമല്ല.
2.തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ മുൻപ് വീട് പുനരുദ്ധാരണത്തിന് പട്ടികജാതി വികസന വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചവരല്ലെന്നു തെളിയിക്കുന്ന സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല.
അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-16 പട്ടികജാതിവിഭാഗത്തിൽപ്പെട്ടവർക്കു പുതിയ കിണർ- അപാകതകൾ

പ്രൊജക്റ്റ് നം.7/16

ആകെ അടങ്കൽ - ₹ 3,90,000/- (3,50,000വികസന ഫണ്ട് - എസ്.സി.പി., മറ്റുള്ളവ 40,000)
ആകെ ചെലവഴിച്ചത് - ₹ 1,56,000/-

ബിൽ നം.8/15-16/തീയതി - 28.03.2016, തുക – ₹ 1,40,000/-

തനതു ഫണ്ട് 16,000 രൂപ.

നിർവ്വഹണോദ്യോഗസ്ഥൻ - അസി. സെക്രട്ടറി,

16.11.2013 –ലെ സ.ഉ.(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ. - പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖകളിൽ, ഖണ്ഡിക നം.3.5 – ൽ "കുടിവെള്ളം" എന്ന തലക്കെട്ടിൽ ക്രമ നം.1 –ൽ "പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കു പുതിയ കിണർ" എന്ന ഇനത്തിന് അനുവദിക്കാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 20,000/- യായി നിശ്ചയിച്ചിട്ടുണ്ട്. മാത്രമല്ല, ടിപ്പിക്കൽ എസ്റ്റിമേറ്റ് ഉണ്ടായിരിക്കണമെന്നും യൂണിറ്റ് കോസ്റ്റ് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം ജില്ലാതലത്തിൽ നിശ്ചയിക്കണമെന്നും മുൻവർഷങ്ങളിൽ ഈ ആനുകൂല്യം ലഭിക്കാത്തവർക്കു മാത്രമേ സബ്സിഡിക്കർഹതയുള്ളൂവെന്നും എൽ.എസ്.ജി.ഡി. എഞ്ചിനീയർ അളവെടുക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടിപ്പിക്കൽ എസ്റ്റിമേറ്റ്, ജില്ലാതല എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് ഉൾപ്പെടെയുള്ള വിശദമായ എസ്റ്റിമേറ്റ്, എൽ.എസ്.ജി.ഡി. എഞ്ചിനീയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഇല്ലാതെയാണ് പ്രവൃത്തികൾക്ക് ധനസഹായം നൽകിയിട്ടുള്ളത്. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-17 വെള്ളക്കരം അടവ് - സംയുക്ത പരിശോധന നടത്തിയില്ല

2015-16 വർഷം ഓരോ മാസവും ജല അതോറിറ്റി സമർപ്പിക്കുന്ന ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ (109813/-രൂപ വീതം 251 ടാപ്പുകൾക്ക് ഏപ്രിൽ 2015 മുതൽ സെപ്റ്റംബർ 2015വരെയും), (125563/-രൂപ വീതം 287 ടാപ്പുകൾക്ക് ഒക്ടോബർ 2015 മുതൽ മാർച്ച് 2016 വരെയും) ജല അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. 28.9.2011 ലെ ജി ഒ ( ആർ. ടി ) 2242/2011/ത.സ്വ.ഭ.വ. നം. ഉത്തരവു പ്രകാരം ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സ്ട്രീറ്റ് ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം, ആയവ സ്ഥാപിച്ച സ്ഥലം, ആയത് നിലവിൽ പ്രവർത്തനക്ഷമമാണോയെന്നുള്ള വിവരം എന്നിവ നിലവിൽ ലഭ്യമല്ല. ഇതു സംബന്ധിച്ച രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. വെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റിയിൽ അടക്കുന്ന തുക യഥാർത്ഥത്തിൽ പ്രവർത്തനക്ഷമമായ വാട്ടർ ടാപ്പുകൾക്ക് ആനുപാതികമായ തുകയാണെന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. ആയതിനായി ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സ്ട്രീറ്റ് ടാപ്പുകളുടെ സംയുക്ത പരിശോധന നടത്താനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യുവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 1,16,500 | സ്കോളർഷിപ്പ് – പ്രൊജക്റ്റ് 68/16 | 1,16,480 | 20 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻബാക്കി 75,62,616 രൂപയിൽ ഓഡിറ്റ് വർഷം തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന വായ്പ | സ.ഉ.(സാ)നം. 989/2010 /ത.സ്വ,ഭ,വ തി 23-3-10 | 1,62,90,000 | 75,62,616 | 15,15,076 | 7,49,311 | 60,47,540 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2,55,649 |
| തൻവർഷം നിക്ഷേപിച്ച തുക | 00 |
| ആകെ | 2,55,649 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,55,649 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| സ്ഥിര നിക്ഷേപം, എം.ഡി.സി ബാങ്ക്, എടപ്പാൾ രശീതി നമ്പർ 234673 | 79,380 |
| രശീതി നമ്പർ 234672 | 1,76,269 |
| ആകെ | 2,55,649 |

ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 പ്രകാരം 2,44,100 രൂപയാണ് സ്ഥിര നിക്ഷേപം. ഇത് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 8,567രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2010-11 | 3-6 | 876 | ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ് എടപ്പാൾ | 11506101255/30-5-15 |
| 2011-12 | 2-1 | 2667 | വി.ഹരിദാസൻ, സെക്രട്ടറി | 11506106853/31-3-16 |
| ,, | 2-2 | 2450 | ,, | 11506106854/31-3-16 |

| | | | | |
|---|---|---|---|---|
| ,, | 2-3 | 150 | ,, | 11506106855/31-3-16 |
| ,, | 2-3(ബി) | 1140 | ,, | 11506106856/31-3-16 |
| ,, | 2-3(ബി) | 648 | ,, | 11506106857/31-3-16 |
| ,, | 2-3 (ബി) | 636 | ,, | 11506106858/31-3-16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 43 | 1999 | 35 | യൂണിഫോം - അധിക തുക നൽകിയത് | 19-05-2014 ൽ വെരിഫിക്കേഷൻ റിപ്പോർട്ട് നൽകി. ബഹു. സമിതിയുടെ പരിഗണനയിലാണ്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 2,66,96,750 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 3,86,45,267 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1273 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 17500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2379482 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4 | 1273 | | 270 – ശ്രീ.പി.ജി.വസന്തകുമാർ, സെക്രട്ടറി<br>645 – ശ്രീ.വേലായുധൻ.എം. സെക്രട്ടറി ഇൻ ചാർജ്<br>358 – ശ്രീ.അജിതകുമാർ, സെക്രട്ടറി |
| 3-5 | | 2500 | ശ്രീ.സുബ്രഹ്മണ്യൻ.പി.സി., വി.ഇ.ഒ |

| | | | |
|---|---|---|---|
| 3-11 | | 15000 | ശ്രീമതി. ധന്യ.ഇ. അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 23,48,000 | ശ്രീ.എം.വേലായുധൻ, സെക്രട്ടറി |
| 3-9 | 30,000 | ശ്രീ.എം.വേലായുധൻ, സെക്രട്ടറി |
| 3-10 | 1482 | ശ്രീമതി.ധന്യ.ഇ., അസി.എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അജിതകുമാർ.എം, സെക്രട്ടറി | സെക്രട്ടറി, മൈലം ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം | ലഭ്യമല്ല |
| ശ്രീ.എം.വേലായുധൻ, അസി. സെക്രട്ടറി | റിട്ടയർ ചെയ്തു | മേപ്പറമ്പിൽ<br>വെങ്ങിനിക്കര, എടപ്പാൾ, മലപ്പുറം ജില്ല |
| ശ്രീ.സുബ്രഹ്മണ്യൻ. വി.ഇ.ഒ | വി.ഇ.ഒ., കാലടി ഗ്രാമ പഞ്ചായത്ത് | പുളിക്കക്കുണ്ടിൽ, വട്ടംകുളം (പി.ഒ), മലപ്പുറം ജില്ല |
| ശ്രീമതി.ധന്യ.ഇ., അസി. എഞ്ചിനീയർ | -- | കുറവത്ത്, മുപ്പിയം (പി.ഒ), തൃശ്ശൂർ |
| ശ്രീ.പി.ജി.വസന്തകുമാർ, സെക്രട്ടറി | സെക്രട്ടറി, അന്തിക്കാട് ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ | പൊട്ടംതടത്തിൽ, ചൊവ്വൂർ (പി.ഒ), തൃശ്ശൂർ – 680 027 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1979-80 | എൽ.എഫ്.എം.7/726/97 തീയതി 30.5.97 | 4 |
| 1981-82 | എൽ.എഫ്.എം.7/728/97 തീയതി 30.5.97 | 18 |

| | | |
|---|---|---|
| 1984-85 | എൽ.എഫ്.എം.7/729/97 തീയതി 30.5.97 | 4 |
| 1985-86 | എൽ.എഫ്.എം.7/730/97 തീയതി 30.5.97 | 17 |
| 1986-87 | എൽ.എഫ്.എം.7/731/97 തീയതി 30.5.97 | 10 |
| 1987-88, 88-89 | എൽ.എഫ്.എം.7/732/97 തീയതി 30.5.97 | 13 |
| 1989-90, 90-91 | എൽ.എഫ്.എം.7/733/97 തീയതി 30.5.97 | 4 |
| 1991-92 | എൽ.എഫ്.എം.7/734/97 തീയതി 30.5.97 | 6 |
| 1992-93, 93-94 | എൽ.എഫ്.എം.7/735/97 തീയതി 30.5.97 | 24 |
| 1994-95, 95-96 | എൽ.എഫ്.എം.14/131/98തീയതി 24-3-98 | 4 |
| 1996-97 | എൽ.എഫ്.എം.7/658/97തീയതി 5.3.98 | 17 |
| 1997-98 | എൽ.എഫ്.എം.11/1404/99തീയതി 24.3.2000 | 2 |
| 1998-99 | എൽ.എഫ്.എം.12/1373/99തീയതി 11.11.99 | 19 |
| 1999-2000 | എൽ.എഫ്.എം.11/357/01 തീയതി 3.6.04 | 9 |
| 2000-01 | എൽ.എഫ്.എം.11/1420/99 തീയതി 23.6.14 | 16 |
| 2001-02 | എൽ.എഫ്.എം17/1056/03തീയതി 6.4.04 | 9 |
| 2002-2003 | എൽ.എഫ്.എം9/332/05തീയതി29.4.05 | 14 |

| | | |
|---|---|---|
| 2003-2004- | എൽ.എഫ്.എം6/5/08തീയതി7.5.08 | 16 |
| 2004-05 | എൽ.എഫ്.എം6/29/09തീയതി4.8.09 | 56 |
| 2005-2006 | എൽ.എഫ്.എം6/243/10തീയതി21.3.12 | 12 |
| 2006-2007 | എൽ.എഫ്.എം10/889/11തീയതി21.3.12 | 7 |
| 2007-2008 | എൽ.എഫ്.എം18/598/11തീയതി21.3.12 | 21 |
| 2008-2009 | എൽ.എഫ്.എം18/599/11തീയതി21.3.12 | 16 |
| 2009-2010 | എൽ.എഫ്.എം18/600/11തീയതി21.3.12 | 27 |
| 2010-2011 | എൽ.എഫ്.എം17/1489/13തീയതി11.9.13 | 16 |
| 2011-12 &12-13 | കെ.എസ്.എ.എം.പി.എം.17/41/2016 തീയതി 12.04.16 | 22 |
| 2013-14,14-15 | കെ.എസ്.എ.എം.പി.എം.28/1928/2016 തീയതി 1.08.16 | 17 |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

# Annexure 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

No. KSAMPM.28/29/2017
Kerala State Audit Department.

District Audit Office, Malappuram

PIN - 676 505, Phone: 0483 2734951

e - mail. dompm.ksad@kerala.gov.in

Dated. 08-02-2017

CERTIFICATE

Certified that I have examined the Annual Financial Statement of Edappal Grama Panchayat for the year ended on 31.03.2016 in Malappuram District in accordance with Section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the Certification of

Accounts of Panchayat Raj Institutions.

In my opinion the financial statements of Edappal Grama Panchayat for the year 2015-16 subject to the observations in the Audit report, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT

MALAPPURAM.

നം.കെ.എസ്.എ.എം.പി.എം.28/29/217

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിന്‍ - 676 505, ഫോണ്‍ : 0483 2734951

ഇ- മെയില്‍: dompm.ksad@kerala.gov.in

തിയ്യതി : 08-02-2017

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കല്‍ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളര്‍ & ഓഡിറ്റര്‍ ജനറല്‍ പുറപ്പെടുവിച്ചിട്ടുള്ള മാര്‍ഗ്ഗനിര്‍ദ്ദേശങ്ങള്‍ അവലംബിച്ചും മലപ്പുറം ജില്ലയിലെ എടപ്പാള്‍ ഗ്രാമപഞ്ചായത്തിന്റെ 31.03.2016 ല്‍ അവസാനിച്ച സാമ്പത്തിക വര്‍ഷത്തെ ധനകാര്യപത്രികയുടെ പരിശോധന നിര്‍വ്വഹിച്ചതായി ഞാന്‍ സാക്ഷ്യപ്പെടുത്തുന്നു.

ഈ ഓഡിറ്റ് റിപ്പോര്‍ട്ടില്‍ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകള്‍ ഒഴികെ എന്റെ അഭിപ്രായത്തില്‍ എടപ്പാള്‍ ഗ്രാമപഞ്ചായത്തിന്റെ 2015-16 വര്‍ഷത്തെ ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയില്‍ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടര്‍

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

മലപ്പുറം.